# സേവന-വികസന രംഗത്ത് പുതിയ മാതൃകയുമായി ഗ്രീൻഫൗണ്ടേഷൻ

**കൊല്ലം:** സേവന വികസന രംഗത്ത് പുതിയ മാതൃകയുമായി കൊല്ലം കുളത്തൂപുഴയിൽ ഗ്രീൻ ഫൗണ്ടേഷൻ പ്രവർത്തനമാരംഭിച്ചു. മലയോര മേഖലയുടെ പ്രത്യേക വികസനം മുൻനിർത്തി പുതിയ പദ്ധതികൾക്കാണ് ഫൗണ്ടേഷൻ തുടക്കം കുറിച്ചിരിക്കുന്നത്. പരമ്പരാഗത സേവന പ്രവർത്തനങ്ങൾക്കപ്പുറം ജനകീയ പങ്കാളിത്തത്തോടെയുള്ള പ്രവർത്തനങ്ങളാണ് ഫൗണ്ടേഷൻ ലക്ഷ്യമിടുന്നത്. കൊടുക്കുന്നവനും വാങ്ങുന്നവനുമെന്ന സേവന സംസ്കാരത്തെ പാടെ മാറ്റിനിർത്തി സമൂഹത്തിന്റെയും വ്യക്തികളുടെയും ആവശ്യങ്ങളെ കണ്ടെത്തി അർഹരായവരെ പരിഗണിച്ച് പങ്കാളിത്താടിസ്ഥാനത്തിലുള്ള വികസന പ്രവർത്തനങ്ങൾക്കാണ് ഗ്രീൻഫൗണ്ടേഷനിലൂടെ തുടക്കം കുറിച്ചിരിക്കുന്നത്.



*ഗ്രീൻ ഫൗണ്ടേഷന്റെ ഉദ്ഘാടന ചടങ്ങ്*

2007 ൽ സോളിഡാരിറ്റിയുടെ നേതൃത്വത്തിൽ നടന്ന ഭൂസമര പോരാട്ടത്തിൽ മൂന്നര സെന്റ് ഭൂമിവീതം ലഭിച്ച കുളത്തൂപുഴ മൈത്രീ നഗർ (മുക്കാൽ സെന്റ് കോളനി) നിവാസികളെ ലക്ഷ്യം വെച്ചാണ് പദ്ധതിക്ക് തുടക്കം കുറിച്ചതെങ്കിലും കൊല്ലം ജില്ലയിലെ മലയോര പ്രദേശമായ കുളത്തൂപുഴ, പെരിങ്ങമല, ആര്യങ്കാവ്, ചിതറ, തെന്മല എന്നീ പഞ്ചായത്തുകളെക്കൂടി ഉൾപ്പെടുത്തിയുള്ള പ്രവർത്തനങ്ങളാണ് ഇപ്പോൾ ആസൂത്രണം ചെയ്തിരിക്കുന്നത്. ആദിവാസി വിഭാഗങ്ങൾ, തോട്ടം തൊഴിലാളികൾ, പിന്നാക്ക കോളനികൾ എന്നിവ ധാരാളമുള്ള ഈ പ്രദേശങ്ങളിൽ ജനങ്ങളുടെ സാമ്പത്തിക സാമൂഹിക വിദ്യാഭ്യാസ തൊഴിൽ ആരോഗ്യ മേഖലയെ കേന്ദ്രീകരിച്ചാവും പ്രവർത്തിക്കുക.

പ്രവർത്തനങ്ങൾ ഫലപ്രദമായി ആസൂത്രണം ചെയ്യുന്നതിനും നടപ്പിലാക്കുന്നതിനും പ്രദേശ വാസികളുൾകൊള്ളുന്ന റസിഡൻഷ്യൽ അസോസിയേഷനുകളും സ്വയം സഹായക സംഘങ്ങളും രൂപവത്കരിക്കുന്നുണ്ട്. ഗ്രീൻഫൗണ്ടേഷന്റെ കീഴിലെ മുഴുവൻ പദ്ധതികളും ഗുണഭോക്താക്കളിലേക്കെത്തുന്നത് ഇവയിലൂടെയായിരിക്കും. പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് ഒരു കമ്മ്യൂണിറ്റി ഓർഗനൈസറെ നിയമിച്ചിട്ടുണ്ട്.

സമ്പാദ്യ ശീലവും, സാമ്പത്തിക സുസ്ഥിരതയും, സാമ്പത്തിക അച്ചടക്കവും ഭദ്രമാക്കുക എന്ന ഉദ്ദേശ്യത്തോടെ പലിശ രഹിത നിധി, ഡെപ്പോസിറ്റ് സ്കീം എന്നിവ ആദ്യഘട്ടത്തിൽ തന്നെ ആരംഭിക്കും. കോളനികളിലെ വിദ്യാഭ്യാസ നിലവാരം അറിയുന്നതിനും വിദ്യാഭ്യാസ പദ്ധതികളുടെ ആസൂത്രണത്തിനുമായി മെയ് മാസം ഒരു വിദ്യാഭ്യാസ സർവ്വേ ആസൂത്രണം ചെയ്തിട്ടുണ്ട്. തദടിസ്ഥാനത്തിൽ എഡ്യുക്കേഷൻ ആന്റ് കരിയർ ഗൈഡൻസ് പ്രോഗ്രാം, ടാലന്റ് സെർച്ച്, സ്കോളർഷിപ്പ് പദ്ധതി എന്നിവക്ക് രൂപം നൽകും. ഗവൺമെന്റിൽ നിന്നുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള ഹെൽപ് ഡെസ്ക്, കോളനികളിലെ ആരോഗ്യ നിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ, വിവിധ തൊഴിൽ പദ്ധതികൾ, പരിശീലന പദ്ധതികൾ, സ്കൂൾ കിറ്റ് പ്രോഗ്രം തുടങ്ങിയവയും ആസൂത്രണം ചെയ്തിട്ടുണ്ട്.

ഗ്രീൻ ഫൗണ്ടേഷന്റെ ഔപചാരിക ഉദ്ഘാടനം ജമാഅത്തെ ഇസ്‌ലാമി സെക്രട്ടറി ടി. കെ ഹുസൈൻ നിർവ്വഹിച്ചു. ചരിത്രത്തിലെ ഏത് ജനതയും ഉന്നതിയിലെത്തിയത് അവരുടെ തന്നെ പരിശ്രമഫലമാണെന്ന് അദ്ദേഹം പറഞ്ഞു. അത്തരം ഒരു കൂട്ടായ്മക്ക് ഗ്രീൻ ഫൗണ്ടേഷൻ ഹേതുവാകട്ടെയെന്ന് അദ്ദേഹം ആശംസിച്ചു. ഗ്രീൻ ഫൗണ്ടേഷന്റെ സേവന പദ്ധതികളുടെ ഉദ്ഘാടനം പുനലൂർ എം. എൽ. എ അഡ്വ. എം രാജു നിർവ്വഹിച്ചു. ഗ്രീൻ ഫൗണ്ടേഷൻ ചെയർമാൻ ഇസ്മായിൽ ഗനി, കുളത്തൂപുഴ പഞ്ചായത്ത് പ്രസിഡന്റ് രാജീവ്, ഫാദർ അബ്രഹാം ജോസഫ്, എം. അബ്ദുസ്സമദ്, എ. സൈനുദ്ദീൻ, സംസാരിച്ചു.